പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2437

18.7.2011-ൽ മറുപടിയ്ക്ക്

## ബീഡി തൊഴിലാളികൾക്കുള്ള ചികിത്സാ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ: | ശ്രീ. ഷിബു ബേബിജോൺ (തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര സർക്കാർ ബീഡി തൊഴിലാളികൾക്കായി എന്തെങ്കിലും ചികിത്സാ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ബീഡി തൊഴിലാളികൾക്കായി എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കുകയെന്ന് വിശദമാക്കാമോ; | (എ) ഉണ്ട്. ബീഡി തൊഴിലാളികൾ കൂടുതൽ അധിവസിക്കുന്ന പ്രദേശങ്ങളിൽ ഡിസ്പെൻസറികൾ വഴി മെഡിക്കൽ സൗകര്യം നൽകി വരുന്നുണ്ട്. 6 മാസമെങ്കിലും ഈ തൊഴിലിൽ ഏർപ്പെട്ടവർക്ക് ബഡ് റിസർവേഷൻ സൗകര്യവും ഒരുമാസം 50/- രൂപ മരുന്നിനും 50 രൂപ യാത്രാചെലവിനും നൽകുന്നുണ്ട്. ക്യാൻസർ രോഗികൾക്ക് മരുന്നിനും ചികിത്സാചെലവിനും ഉള്ള മുഴുവൻ തുകയുംനൽകുന്നു. ഹൃദ്രോഗികൾക്ക് അംഗീകൃത ആശുപത്രികളിൽ ചികിത്സാ സൗകര്യവും ശസ്ത്രക്രിയയ്ക്ക് 1.3 ലക്ഷം രൂപയോ അല്ലെങ്കിൽ യഥാർത്ഥ ചെലവോ നൽകി വരുന്നു.വൃക്കരോഗികൾക്ക് 2 ലക്ഷം രൂപവരെ വൃക്കമാറ്റിവയ്ക്കലിന് നൽകുന്നു. സ്ത്രീ തൊഴിലാളികൾക്ക് 1000/- രൂപാ വരെ പ്രസവാനുകൂല്യവും സ്ത്രീ സംബന്ധമായ അസുഖങ്ങൾക്ക് 30,000/ രൂപ വരെയും നൽകുന്നു.തൊഴിലാളികളുടെ മരണാനന്തര ചടങ്ങിനായി 1500/- രൂപ നൽകുന്നു. |

| | |
|---|---|
| (ബി) പദ്ധതിയിൽ രജിസ്റ്റർ ചെയ്യാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (ബി) ബന്ധപ്പെട്ട ബീഡി സംഘത്തിൽ നിന്നും തിരിച്ചറിയൽ കാർഡ് ഉണ്ടാകണം. തൊഴിൽപരിചയം ഉണ്ടായിരിക്കണം |
| (സി) സംസ്ഥാനത്ത് എത്ര ഗുണഭോക്താക്കളുണ്ടാകുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | (സി) 60,000ഗുണഭോക്താക്കളുണ്ട്. |

ടെക്സ്റ്റർ ഓ. മിനിൻ